**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4030** **15-07-2022 - ൽ മറുപടിയ്ക്ക്**

**മങ്ങാട്ടുപാറ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ വില്ലേജിൽ മങ്ങാട്ടുപാറയിലെ ബ്ലോക്ക് അൻപത് റീസർവേ 399/1, 399/2, 399/3 റവന്യൂ പുറമ്പോക്ക് ഭൂമി മങ്ങാട്ടുപാറ കുടിവെള്ള പദ്ധതിയ്ക്കായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (എ) | പ്രസ്തുത അപേക്ഷ ഉഴമലയ്ക്കൽ ഗ്രാമ പഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത അപേക്ഷയിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് പഞ്ചായത്ത് വകുപ്പിന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; | (ബി) | തുടർനടപടി വിവരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയ്ക്കായി പ്രസ്തുത സ്ഥലം വിട്ട് നൽകുന്നതിന് എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. 5.71 ഹെക്ടർ പുറമ്പോക്ക് ശ്രീ. മുഹമ്മദ് ഷെരീഫ് എന്ന വ്യക്തിക്ക് പാറ ഖനനത്തിനു വേണ്ടി ലീസിനു നൽകിക്കൊണ്ട് ബഹു. ജില്ലാ കലക്ടർ NOC അനുവദിച്ചിട്ടുള്ളത് സർക്കാർ നിർദ്ദേശ പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണ്. ആയതിനെതിരെ ശ്രീ. മുഹമ്മദ് ഷെരീഫ് ബഹു. കേരള ഹൈക്കോടതി മുൻപാകെ WP(C)4504/2020(K) നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിന്മേൽ പുറപ്പെടുവിച്ച ഉത്തരവിൽ NOC റദ്ദ് ചെയ്ത ജില്ലാ കളക്ടറുടെ നടപടി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ ഈ കേസ് നിലനിൽക്കുന്നതിനാൽ നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ വില്ലേജിൽ മങ്ങാട്ടുപാറയിലെ ബ്ലോക്ക് അൻപത് റീസർവേ 399/1, 399/2 ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി ജല ജീവൻ മിഷൻ പദ്ധതിക്ക് അനുവദിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നത് അനുചിതമാണെന്ന് ബഹു. ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതായി KWA എക്സിക്യൂട്ടീവ് എൻജിനീയർ പ്രോജക്ട് ഡിവിഷൻ തിരുവനന്തപുരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ